**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507** **12-02-2025 - ൽ മറുപടിയ്ക്ക്**

**അനധികൃത തണ്ണീർത്തടം നികത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കോട്ടൂളി, എരണിപ്പാലം പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സരോവരം പ്രദേശത്ത് അനധികൃതമായി തണ്ണീർത്തടങ്ങൾ നികത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കോട്ടൂളി, എരഞ്ഞിപ്പാലം പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സരോവരം പ്രദേശത്തെ തണ്ണീർത്തടങ്ങൾ അനധികൃതമായി നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം ജില്ലാ കളക്ടർ നേരിൽ പരിശോധിച്ചിരുന്നതും, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിന്റെ വകുപ്പ് 11-ന്റെ ലംഘനം നടന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആക്ടിലെ 13, 20 എന്നീ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതും തണ്ണീർത്തടം പൂർവ്വസ്ഥിതിലാക്കാൻ ഉത്തരവായിട്ടുള്ളതുമാണ്. |
| (ബി) | അനധികൃതമായി മണ്ണിട്ട് നികത്തിയ തണ്ണീർത്തടങ്ങൾ പൂർവ്വ സ്ഥിതിയിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിന്റെ വകുപ്പ് 11 ന്റെ ലംഘനം നടന്നിരുന്നതായി ബോധ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ആക്ടിലെ വകുപ്പ് 13 പ്രകാരം അനധികൃതമായി തരം മാറ്റിയിരുന്ന തണ്ണീർത്തടം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രദേശത്ത് അനധികൃതമായി തണ്ണീർത്തടം നികത്തിയവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ വകുപ്പ് 11 ന്റെ ലംഘനം നടന്നിരുന്നതായി ബോധ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ആക്ടിലെ വകുപ്പ് 13 പ്രകാരം അനധികൃതമായി തരം മാറ്റിയിരുന്ന തണ്ണീർത്തടം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് ബന്ധപ്പെട്ട കക്ഷികൾ യഥാസമയം പാലിക്കുന്നില്ലെങ്കിൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ